(സി) വാറന്റ് ഓഫ് പ്രിസിഡൻസ് അനുസരിച്ച് സമിതി ചെയർമാൻമാരായിട്ടുള്ള ഈ ഉദ്യോഗസ്ഥൻമാരുടേയും എം. എൽ. എ. മാരുടേയും സ്ഥാനം എവിടെ എന്ന് പറയുമോ;

(ഡി) വാറന്റ് ഓഫ് പ്രിസിഡൻസിൽ ഒരു സ്ഥാനവുമില്ലാത്തതോ, വളരെ താഴെ മാത്രം സ്ഥാനമുള്ളതോ ആയ ഉദ്യോഗസ്ഥൻമാർ അദ്ധ്യക്ഷത വഹിക്കുന്ന യോഗങ്ങളിൽ വാറന്റ് ഓഫ് പ്രിസിഡൻസിൽ ഉന്നത സ്ഥാനമുള്ള നിയമസഭാംഗങ്ങൾ സദസ്യരായിരിക്കുന്ന വിരോധാഭാസം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)—(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരണവും ഭരണ പരിഷ്കാര കമ്മിറ്റി ശുപാർശകളും

4 [3697] *ശ്രീ. വി. ഡി. സതീശൻ:*
„ *എം. കെ. പോൾസൺ മാസ്റ്റർ:*
„ *ബി. വിജയകുമാർ:*
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഇതു സംബന്ധിച്ച നിർദ്ദേശം ഉരുത്തിരിഞ്ഞത് എപ്രകാരമാണ്;

(സി) ഇക്കഴിഞ്ഞ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണം സംബന്ധിച്ച് ഭരണപരിഷ്കാര കമ്മിറ്റി എന്തെല്ലാം ശുപാർശകൾ നൽകിയിരുന്നു;

(ഡി) അതിൻമേൽ അന്നത്തെ ഗവൺമെന്റ് എന്തു നടപടി എടുത്തു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിലവിലുള്ള ഭരണ സംവിധാനം സുഗമവും കാര്യക്ഷമവുമാക്കുന്നതിനു വേണ്ടി ശുപാർശകൾ സമർപ്പിക്കുവാൻ രൂപീകരിച്ച കേരള ഭരണ പരിഷ്കാര സമിതി സർക്കാരിന് സമർപ്പിച്ച ഒൻപതാമത് റിപ്പോർട്ടിൽ കേരള സിവിൽ സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് ശുപാർശകൾ ഉണ്ട്. സർക്കാർ മേൽപ്പറഞ്ഞ ശുപാർശകൾ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ മേൽപ്പറഞ്ഞ ശുപാർശകൾ പരിശോധിച്ചു വരുന്നതേയുള്ളു.

(സി) സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണം സംബന്ധിച്ച കമ്മിറ്റിയുടെ ശുപാർശകൾ താഴെ പറയുന്നു.

(1) ആദ്യ ഗസറ്റഡ് തസ്തികയിലും അതിനു മുകളിലും നിലവിലുള്ള സാങ്കേതികേതര തസ്തികകളുടെ 25% വരുന്ന കേഡർ ശക്തിയുള്ള കേരള സിവിൽ സർവ്വീസ് രൂപീകരിക്കുക.

(2) കേരള സിവിൽ സർവ്വീസിന് താഴെ പറയുന്ന അഞ്ച് ശമ്പള നിരക്കിലുള്ള തസ്തിക ഉൾപ്പെടണം.

(ii) ഡെപ്യൂട്ടി സെക്രട്ടറി/ഡെപ്യൂട്ടി ഡവലപ്മെന്റ് കമ്മീഷണർ (10000-15150)

(iii) ജോയിന്റ് സെക്രട്ടറി/ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ/ഹയർ ഗ്രേഡ് ഡെപ്യൂട്ടി കളക്ടർ (12600-15600)

(iv) അഡീഷണൽ സെക്രട്ടറി/അഡീഷണൽ ഡവലപ്മെന്റ് കമ്മീഷണർ (14400-18000)

(v) സ്പെഷ്യൽ സെക്രട്ടറി (നിയമം)/ചീഫ് എൻജിനീയർ (ഭരണം) (16300-19900)

(3) നിയമനം ലഭിക്കുന്നതോടെ സംസ്ഥാന സിവിൽ സർവ്വീസിലെ ആഫീസർ ഗസറ്റഡ് തസ്തികയുടെ ആദ്യതലമായ ബി. ഡി. ഒ., തഹസീൽദാർ, താലൂക്ക് സപ്ലൈ ആഫീസർ, വിൽപ്പന നികുതി ആഫീസർ തുടങ്ങി സ്റ്റേറ്റ് സിവിൽ സർവ്വീസിനായി നീക്കിവെച്ചിരിക്കുന്ന വിഹിതത്തിൽ കുറഞ്ഞത് രണ്ടു വർഷമെങ്കിലും പ്രവർത്തിച്ചിരിക്കണം.

(4) സംസ്ഥാന സിവിൽ സർവ്വീസിലേക്കുള്ള നിയമനം താഴെ പറയുന്ന മൂന്നു ചാനലിലൂടെ നടത്തണം.

1. നേരിട്ടുള്ള നിയമനം
2. ജീവനക്കാരിൽ നിന്നും തെരഞ്ഞെടുക്കൽ
3. ജീവനക്കാരിൽ നിന്നും പൊതു മത്സരത്തിലൂടെയുള്ള തെരഞ്ഞെടുക്കൽ

(5) പ്രവേശനതല തസ്തിക അണ്ടർ സെക്രട്ടറിക്ക് തുല്യവും ഏറ്റവും ഉയർന്ന തസ്തിക സർക്കാരിന്റെ സ്പെഷ്യൽ സെക്രട്ടറിയുടെ തസ്തികയ്ക്ക് തുല്യവുമായിരിക്കും.

(6) ഒരു ശമ്പള നിരക്കിൽ നിന്ന് ഉയർന്നതിലേക്ക് സ്ഥാനക്കയറ്റം നൽകുമ്പോൾ മുൻകാല പ്രവർത്തനവും സത്യസന്ധതയും കണക്കിലെടുത്ത് തെരഞ്ഞെടുപ്പ് നടത്തുന്ന സമ്പ്രദായം വേണം.

LIBRARY ARCHIVES Kerala Legislative Assembly

(7) നേരിട്ടുള്ള നിയമനത്തിൽ വിവിധ സമുദായങ്ങൾക്ക് സാധാരണ ഗതിയിൽ നൽകുന്ന സംവരണനയം പിൻതുടരണം.

(8) സംസ്ഥാന സിവിൽ സർവ്വീസിൽ 8 വർഷം പൂർത്തിയാക്കുന്ന വരെ ഐ എ. എസ്. തലത്തിലേക്ക് പ്രൊമോഷനുവേണ്ടി പരിഗണിക്കണം.

(ഡി) അതിൻമേൽ അന്നത്തെ ഗവൺമെന്റ് നടപടികളൊന്നും എടുത്തിട്ടില്ല.

പുനർനിയമനം നൽകപ്പെട്ട ഐ. എ. എസ്. ഉദ്യോഗസ്ഥർ

5 [3698] *ശ്രീ. കെ. പി. രാജേന്ദ്രൻ:*
,, *ബിനോയ് വിശ്വം:*
,, *എം. കുമാരൻ:*
,, *പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഐ. എ. എസ്. ഉദ്യോഗസ്ഥർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സർവ്വീസിൽ നിന്ന് കേന്ദ്ര സർവ്വീസിലേക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ളവർ എത്ര; ഇവർ ഏതൊക്കെ ഡിപ്പാർട്ട്മെന്റുകളിലാണ് ചുമതല വഹിക്കുന്നത്;

(സി) വിരമിച്ചവർ ഉൾപ്പെടെ എത്ര ഐ. എ. എസ്. ഉദ്യോഗസ്ഥരെ പുനർ നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അവരെ ഏതൊക്കെ വിഭാഗങ്ങളിലാണ് നിയമിച്ചിട്ടുള്ളതെന്നും ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) വിരമിച്ച മുൻ ചീഫ് സെക്രട്ടറിക്ക് ഏത് വകുപ്പിലാണ് പുനർ നിയമനം നൽകിയിട്ടുള്ളത്; അദ്ദേഹത്തിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) 2001-ന് ശേഷം സംസ്ഥാനത്ത് വിരമിച്ച ഏതൊക്കെ ചീഫ് സെക്രട്ടറിമാർക്കാണ് പുനർ നിയമനം നൽകിയിട്ടുള്ളത്; ഇവർ ഇപ്പോൾ വഹിക്കുന്ന ചുമതലകൾ എന്തെല്ലാം; ഇവരുടെ സേവനവേതന വ്യവസ്ഥകൾ എന്തെല്ലാം;

(എഫ്) സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ എം. ജി. പി. യുടെ ഭാഗമായി തസ്തികകൾ കുറയ്ക്കുമ്പോൾ ഉന്നത തസ്തികകളിൽ നിന്ന് വിരമിച്ചവരെ പുനർ നിയമനം നടത്തുന്നത് സർക്കാർ നയമാണോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly